ഫോൺ : 0471 2557227 (ഓഫീസ്)
ഇ-മെയിൽ : registrar.tcmc@kerala.gov.in
www.medicalcouncil.kerala.gov.in

# ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽസ്

റെഡ്ക്രോസ് റോഡ്, തിരുവനന്തപുരം, കേരള-695035

നം.എ2/26364/2019/എം.സി./ന്യൂസ് തീയതി :27-07-2020

സ്വീകർത്താവ്

**എല്ലാ പത്രമാധ്യമങ്ങൾ**

ഇതോടൊപ്പം ചേർത്തിട്ടുള്ള വാർത്ത എല്ലാപത്രമാധ്യമങ്ങളിലും സംസ്ഥാന തലത്തിൽ പ്രസിദ്ധീകരിക്കണമെന്ന് താൽപ്പര്യപ്പെടുന്നു.

## പത്രവാർത്ത

വിദേശ – മെഡിക്കൽ ബിരുദം നേടിയവരുടെ ആയിരത്തോളം അപേക്ഷകൾ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാതെ മാറ്റിവെച്ചിരിക്കുന്നതായി വാസ്തവിരുദ്ധമായ വാർത്ത 05.04.2020-ലും 27.07.2020-ലെയും ചില മലയാള ദിനപത്രത്തിൽ പ്രത്യക്ഷപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടു. അതു വാസ്തതാ വിരുദ്ധമാണെന്നറിയിക്കുന്നതോടൊപ്പം യഥാവസ്തുതകൾ വെളിവാക്കുന്നു.

വിദേശ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദം നേടി വരുന്നവർ National Board of Examination-ന്റെ സ്ക്രീനിംഗ് ടെസ്റ്റ് പാസ്സായാൽ കേരളത്തിലെ MCI അംഗീകൃത ആശുപത്രികളിൽ CRRI ചെയ്യുവാൻ ട്രാവൻകൂർ കൊച്ചി മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. ഇപ്രകാരം ഒരു വർഷം CRRI നിർബന്ധമാക്കി ബഹു. കേരളാ ഹൈക്കോടതി വിധിച്ചിട്ടുള്ളതും കേരളം നടപ്പിലാക്കിയിട്ടുള്ളതുമാണ്. MCI യുടെ നിർദ്ദേശാനുസരണം കേരളത്തിനു പുറമേ വിവിധ സംസ്ഥാനങ്ങൾ ബഹു. കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് നൽകിവരുന്നു.

2020 ഇതുവരെ CRRI ചെയ്യാനായി 383 അപേക്ഷകൾ മാത്രമാണ് കൗൺസിലിൽ ലഭിച്ചിട്ടുളളത്. ഈ അപേക്ഷകൾ, ബന്ധപ്പെട്ട യൂണിവേഴ്സിറ്റി, എംബസ്സി, MCI, National Board +2 Board എന്നിവയുടെ സ്ഥിരീകരണം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം തേടിയിട്ടുണ്ട്. അതിന്റെ നടപടികൾ പൂർത്തിയാക്കി പ്രൊവിഷണൽ രജിസ്ട്രേഷൻ നൽകാൻ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. 2019-ലെ അപാകതകൾ ഉള്ള 8 അപേക്ഷകൾ ഒഴികെ എല്ലാം തന്നെ പ്രൊവിഷണൽ രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇന്ത്യയിൽ എവിടെയും MCI സ്ഥാപനങ്ങളിൽ CRRI ചെയ്യുന്നിരിക്കെ സീറ്റ് പരിമിതമായ കേരളത്തിൽ കാത്തിരിക്കേണ്ടതായും കാണുന്നില്ല.

അടിസ്ഥാനരഹിതമായ ഇത്തരം വാർത്തകളിൽ കൗൺസിൽ അങ്ങേയറ്റം ഉത്കണ്ഠ രേഖപ്പെടുത്തുന്നു.

**രജിസ്ട്രാർ**